# സപ്ലൈകോയുടെ ഓൺലൈന് വില്പന ഒക്ടോബര് 23 മുതൽ

**സംസ്ഥാനത്ത് ഇപ്പോള് അഞ്ചു ജില്ലകളില് സൗകര്യം, 21 വില്പനശാലകളിലൂടെ**

കോവിഡിൻറെ പശ്ചാത്തലത്തിൽ സപ്ലൈകോ ഓൺലൈൻ വില്പന ആരംഭിക്കുന്നു. സംസ്ഥാനത്തെ അഞ്ചു ജില്ലകളിലായി 21 വില്പനശാലകളിലൂടെയാണ് പൊതുജനങ്ങൾക്ക് ആദ്യപടി ഓൺലൈന് സൗകര്യം ലഭിക്കുക. തിരുവനന്തപുരത്ത് നാലും, കൊല്ലത്തും പത്തനംതിട്ടയിലും ഓരോന്നും, എറണാകുളത്ത് ഏഴും, തൃശ്ശൂരില് നാലും, കോഴിക്കോട് നാലും, വില്പനശാലകളിലാണ് ഈ സൗകര്യം ലഭ്യമാകുക. ഒക്ടോബര് 23 മുതല് ഈ സൗകര്യം ലഭ്യമാകുമെന്ന് സപ്ലൈകോ അധികൃതര് അറിയിച്ചു.

**ജില്ല, വില്പനശാല, ആപ്ലിക്കേഷന് യഥാക്രമം :**

തിരുവനന്തപുരം : ഹൈപ്പർ മാർക്കറ്റ് വഴുതക്കാട്, പീപ്പിൾ ബസാർ ഫോർട്ട്, ഇൻ ആൻഡ് ഔട്ട് ആൽത്തറ, പീപ്പിൾ ബസാര് ശ്രീകാര്യം , കൊല്ലം: പീപ്പിൾ ബസാർ കൊല്ലം, പത്തനംതിട്ട: പീപ്പിൾ ബസാർ അടൂർ, എറണാകുളം : ഹൈപ്പർ മാർക്കറ്റ് ഗാന്ധിനഗർ, പീപ്പിൾ ബസാര് പനമ്പിള്ളി നഗർ, സൂപ്പർ മാർക്കറ്റ് വൈറ്റില, സൂപ്പർ മാർക്കറ്റ് ഡി എച്ച് റോഡ് , സൂപ്പർ മാർക്കറ്റ് ഇരുമ്പനം, സൂപ്പർ മാർക്കറ്റ് തൃപ്പൂണിത്തുറ, ഹൈപ്പർ മാർക്കറ്റ് പിറവം, തൃശ്ശൂർ : പീപ്പിൾ ബസാർ തൃശ്ശൂർ, സൂപ്പർ മാർക്കറ്റ് പെരുംമ്പിളാശ്ശേരി, സൂപ്പർ മാർക്കറ്റ് മണ്ണുത്തി, സൂപ്പർ മാർക്കറ്റ് ഒല്ലൂർ, കോഴിക്കോട് : പീപ്പിൾ ബസാർ കോഴിക്കോട്, സൂപ്പർ മാർക്കറ്റ് നടക്കാവ്, സൂപ്പർ മാർക്കറ്റ് ചെറുവണ്ണൂർ, സൂപ്പർ മാർക്കറ്റ് കോവൂർ. കൂടുതല് വിവരങ്ങൾ സപ്ലൈകോയുടെ supplycokerala.com എന്ന വെബ്സൈറ്റിൽ ലഭിക്കും.